**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1887</u>** **<u>13-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിക്കളം നിർമ്മാണം</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിക്കളം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആറിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിക്കളം നിർമ്മാണ പ്രവൃത്തി നടപ്പിലാക്കേണ്ട ഭൂമി സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തിയതിൽ ടി ഭൂമി പഞ്ചായത്ത് പൊന്നും വിലയ്ക്ക് എടുത്ത് നൽകേണ്ട ഭൂമിയാണ് എന്ന് അറിവായിട്ടുണ്ട്. ടി സ്ഥലത്ത് പാറയായതിനാൽ അത് പൊട്ടിച്ച് ഗ്രൗണ്ട് ലെവൽ ചെയ്യേണ്ടതുണ്ട്. ഇത്തരത്തിൽ ഭൂവികസന പ്രവൃത്തികൾ ചെയ്യുന്നതിന് പദ്ധതി തുകയായ 100 ലക്ഷം രൂപ മതിയാകുകയില്ല. മാത്രവുമല്ല ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം വലിയവിധത്തിലുള്ള ഭൂവികസന പ്രവൃത്തികൾ വരുന്ന സ്ഥലം ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ടി സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഗ്രൗണ്ട് ലെവൽ ചെയ്ത് നൽകുകയാണെങ്കിൽ കളിക്കളം നിർമ്മിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ